അക്കാഡമിക് മാസ്റ്റർ പ്ലാൻ

2025 - 2026

ഗവ . എൽ .പി .എസ്. ചുണ്ടവിളാകം

മുഖം

2025-2026 വർഷത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ രൂപരേഖയാണിത്. രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. കുട്ടികളിലുണ്ടായിട്ടുള്ള പഠനവിടവുകൾ നികത്തുക, പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുക, സ്വയമേവ പഠിക്കുന്ന മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു.

'വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുക ഒപ്പം മികച്ച എഴുത്തുകാരാക്കുക എന്നതാണ് ലക്ഷ്യം. കുട്ടികളുടെ ശാരീരിക മാനസിക വികാസത്തിന് തടസ്സം സൃഷ്ടിച്ച എല്ലാ വെല്ലുവിളികളെയും പരിഹരിച്ചുകൊണ്ട് ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും മിടുക്കരാക്കിത്തീർക്കുന്നതിന് പുതിയ അധ്യയന വർഷത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

		പ്രവർത്തനങ്ങൾ	കാലയളവ്	ഭൗതികം	പിന്തുണ
വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ആവശ്യമായ പങ്കാളിത്തവും നൽകി അവരുടെ വിവിധ കഴിവുകൾ വികസിപ്പിക്കുക	വിവിധ വിഷയങ്ങൾ	അസംബ്ലി, ക്ലാസ്സ്‌ം ഉത്തരവാദിത്വങ്ങൾ, ചുമതലകൾ, ക്ലാസ്-ലൈബ്രറി, ഗ്രചിത്വം, ഓണസ്റ്റിഷോപ്പ്, ഉദ്യാന പാലനം	–	–	–
ഭാഷാ പരമായ കഴിവുകൾ വികസിപ്പിക്കുന്നതിന്	മലയാളം ഇംഗ്ലീഷ്	അക്ഷരവും അടയാളവും ഉറപ്പിക്കൽ, അക്ഷര കാർഡ്, വാക്കുകൾ, വാക്യങ്ങൾ എഴുതിലകാർഡുകൾ, വാക്യങ്ങൾ നിർമ്മിക്കൽ, കഥപറയൽ, കഥ എഴുതൽ, കഥാ പുസ്തകങ്ങൾ നൽകൽ, പ്രത്യേക ക്ലാസ്സുകൾ	2 മാസം, ജൂണ്, ആഗസ്റ്റ്	പുസ്തകങ്ങൾ CD	BRC PTA DIET SCERT
ഒരു കുട്ടിപോലും നിശ്ചിത പഠന നിലവാരം നേടാതെ സ്കൂളിൽ നിന്നും പോകുന്നില്ല എന്ന് ഉറപ്പുവരുത്തുക	വിവിധ വിഷയങ്ങൾ	പഠന നിലവാര രേഖ CPTA	മാർച്ച് ഏപ്രിൽ		SRG PTA BRC
എല്ലാ വിദ്യാർത്ഥികളെയും വിടാതെ വായനാ പ്രേമികളാക്കി മാറ്റുക	ഭാഷ ഇംഗ്ലീഷ്	ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, വീട്ടിലൊരു ലൈബ്രറി, വായനാ പുരസ്കാരം, വായനയ്ക്കുസമയം നൽകൽ, പുസ്തക വണ്ടി, വായന കുറിപ്പ് വായനയിലെ പ്രവർത്തനങ്ങൾ	ജൂൺ മുതൽ മാർച്ച്	ഓപ്പൺ ലൈബ്രറി	വിദ്യാലയം PTA BRC
എല്ലാ കുട്ടികളുടെയും രചനാപരമായ കഴിവുകൾ വളർത്തുകയും നേടിയ അറിവുകൾ വ്യക്തമാക്കാൻ കുട്ടിയുടെ ആത്മവിശ്വാസം നിലനിർത്തുന്നതിനുമുള്ള നിരവധി അവസരങ്ങൾ സൃഷ്ടിക്കുക.	ഭാഷ ഇംഗ്ലീഷ്	സർഗ്ഗവേള, സ്കൂൾ മാഗസിൻ, സ്കൂൾ പത്രം, പതിപ്പുകൾ, വിവിധ സൃഷ്ടികൾ	ജൂൺ to മാർച്ച്	–	വിദ്യാലയം PTA BRC

			കാലയളവ്	ആവർത്തികം	പിന്തുണ
വിദ്യാലയം പഠനശേഷിവർദ്ധനത്തിനുള്ള വിവിധ സംവിധാനങ്ങൾ. പഠനതന്ത്രങ്ങൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുക.	വിവിധ വിഷയങ്ങൾ	പഠനകൂട്ടം വിവിധ ഗ്രൂപ്പുകൾ	ജൂൺ to മാർച്ച്	—	SRG വിദ്യാലയം
ദിനാചരണങ്ങൾ, സവിശേഷദിന പ്രവർത്തനങ്ങൾ, ക്ലബ്, സ്കൂൾ അക്കാദമിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.	വിവിധ വിഷയങ്ങൾ	കത്ത്, പോസ്റ്റർ, കഥ, ദേശീയ ബോധം വളർത്തുന്ന കവിതകൾ, മത്സരങ്ങൾ, സംവാദങ്ങൾ, പത്രത്വിസ്, ക്വിസ് മത്സരങ്ങൾ	ജൂൺ to മാർച്ച്	—	SRG BRC PTA
വിദ്യാർത്ഥികളിൽ ആശയ വിനിമയശേഷി, നേതൃത്വ പാടവം, മൂല്യബോധം, ജനാധിപത്യബോധം എന്നിവ വളർത്തിയെടുക്കുന്നതിന് അവസരമൊരുക്കുക	വിവിധ വിഷയങ്ങൾ	വിവിധ പ്രവർത്തന ചുമതലകൾ, കൂട്ടികൂടം, കഥാരചന, കവിതാരചന, മത്സരങ്ങൾ	—	—	SRG PTA
വിമർശനാത്മക ചിന്ത, വിശകലനാത്മക ചിന്ത തുടങ്ങിയ ഉയർന്ന മികവുകൾ നേടുന്നതിന് ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുക. വിദ്യാലയ അക്കാദമിക വിലയന പ്രവർത്തനങ്ങളിലും പരിപാടികളിലും കുട്ടികളുടെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കും ഇടം നൽകുക.	വിവിധ വിഷയങ്ങൾ	നോട്ടുബുക്ക് സൂക്ഷിക്കുക, വ്യക്തിഗതചിന്ത, പരിസരപഠനചിന്ത, വിലയിരുത്തൽ, ക്ലാസ്തല ഗ്രൂപ്പുകൾ, സ്കൂൾ പാർലമെന്റ് സംവിധാനം	—	—	SRG PTA BRC
ഒരുക്കോടെ സ്വന്തം വായന നടത്തുന്നതിനും മികച്ച ഭാഷയിൽ എഴുതുന്നതിനും, ഭാവനാത്മക സന്ദർഭങ്ങളിൽ ഭാഷാവിധം ദൃശ്യമാധ്യമങ്ങളിൽ ഫലപ്രദമായി പ്രയോഗിക്കുന്നതിനും കുട്ടിയെ പ്രാപ്തരാക്കുക. വായന, എഴുത്ത് എന്നീ അടിസ്ഥാനശേഷികൾ മൂല്യവത്തായ കൂട്ടിക്കലും ആസ്വാദനക്കുറിപ്പുകളും, സർഗാത്മക	വിവിധ വിഷയങ്ങൾ	പഠനകൂട്ടം, എഴുത്തുകൂട്ടം, വിവിധ ഗ്രൂപ്പുകൾ സ്മാർട്ട് ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ, പുസ്തക വണ്ടി പ്രവർത്തനങ്ങൾ	ജൂൺ to മാർച്ച്		SRC PTA പഞ്ചായത്ത് BRC

		പ്രവർത്തനങ്ങൾ	കാലയളവ്	ഭൗതികം	ചിന്തുണ
ഇംഗ്ലീഷ് ഭാഷയിൽ ആവശ്യമായ അറിവുകൾ നേടുന്നതിനും ആശയ വിനിമയം നടത്തുന്നതിനും കഴിവുള്ളവരായി കുട്ടികളെ മാറ്റുക	ഇംഗ്ലീഷ്	English club English reading activities Spoken English English reading Rack English Assembly Magic board Hello English Reading Materials	1 year	Reading room Reading club	SRG PTA BRC
ഗണിത പഠനം ഉല്ലാസകരവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക. മുഴുവൻ കുട്ടികളെയും മികച്ച രീതിൽ പഠന പരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക. എല്ലാവർക്കും പങ്കാളിത്തം നൽകുക.	ഗണിതം	പ്രവർത്തി പരിചയ ഗണിത ശില്പശാല. പ്രവൃത്തി പരിചയത്തിലൂടെ ഗണിത ശേഷികൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളെ പങ്കാളികളാക്കൽ • സാമഗ്രികൾ സംഘടിപ്പിക്കൽ • ഉല്ലാസ ഗണിതം • ഗണിതക്ലബ് വിപുലമാക്കൽ പ്രവർത്തനങ്ങൾ	1 year	–	SRG PTA BRC
വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ആരോഗ്യ സംരക്ഷണം, പോഷകാഹാരം, മാനസികാരോഗ്യം എന്നിവ ഉറപ്പുവരുത്തൽ	–	വൈദ്യപരിശോധനകൾ ആരോഗ്യ ക്ലാസുകൾ ബോധവൽക്കരണം	1 year	പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ	SRG PTA BRC പഞ്ചായത്ത്
ആരോഗ്യ ശീലങ്ങൾ പരിപാലിക്കുന്നതിനും, പൊതുസ്ഥാപനങ്ങളുടെയും പൊതുസ്ഥലങ്ങളുടെയും സംരക്ഷിക്കുക എന്ന മനോഭാവം വളർത്തുന്നതിനും പരിസ്ഥിതിയെ ദോഷമായി ബാധിക്കുന്ന പ്രശ്നങ്ങൾക്കെതിരെ പോരാടുന്നത് സ്വന്തം കടമയാണെന്ന് തിരിച്ചറിയുക.		മുച്ചിത്ത മുണ്ട് ആരോഗ്യ മുണ്ട് മുച്ചിത്ത സേന ജൈവവൈവിധ്യ മുദ്യാന നൂലസംരക്ഷണ പ്രവർത്തനങ്ങൾ, ആരോഗ്യ ക്ലബ്ബുകൾ	–	–	SRG PTA BRC പഞ്ചായത്ത്

	വിഷയം				
കുട്ടികളിൽ ശാസ്ത്രബോധം, ശാസ്ത്രീയ പഠനബോധമുണ്ടാക്കുന്നതിന് പ്രാധാന്യം വർദ്ധിപ്പിക്കാൻ ആവശ്യമായ പ്രവർത്തന പരിപാടികൾ നിരന്തര പഠനത്തിന്റെ ഭാഗമാക്കുക. കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കാനും അവരുടെ കഴിവുകളെ നിരന്തരം അംഗീകരിക്കാനും അവസരമൊരുക്കുക	ഗണിതം പരിസര പഠനം	ശാസ്ത്രകൂടകൾ, പരീക്ഷണങ്ങൾ, ഉല്ലാസ ഗണിതം, ഗണിത വിജ്ഞാനം കിട്ടുന്നതുമായ പ്രവർത്തനങ്ങൾ, പരീക്ഷണശാല, ഗണിത ശാലകൾ	തുടർപ്രക്രിയ	-	SRG PTA പഞ്ചായത്ത് BRC
ആധുനിക സങ്കേതിക വിദ്യകളുടെ കടന്നുവരവ് സംവിധാനങ്ങളിലും ആവശ്യമായ അറിവുനിർമ്മിക്കുന്നതിനും നേടിയ അറിവ് പങ്കുവെക്കുന്നതിനും, സൃഷ്ടിക്കുന്നതിനുമുള്ള താൽപര്യം കുട്ടികളിൽ സൃഷ്ടിക്കുക	വിവിധ വിഷയങ്ങൾ	സ്മാർട്ട് ക്ലാസ്സും പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ ലാബ് . ഓരോ ക്ലാസ്സിലും Typing പരിശീലനം	ഒരുവർഷം	കമ്പ്യൂട്ടർ ലാബ്	MLA/MP പഞ്ചായത്ത് PTA SRG
ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുവാൻ അവസരമൊരുക്കുക. ഭിന്നശേഷിവിദ്യാർത്ഥികൾക്ക് ചിന്താശേഷി കേന്ദ്രീകരിച്ചുള്ള കൂടിക്കടമലാണെന്ന ധാരണയോടെ പ്രവർത്തിക്കാൻ സഹപാഠികളെ പ്രാപ്തരാക്കുന്നതിനുള്ള അനുയോജ്യമായ സാധ്യതകൾ കണ്ടെത്തി നടപ്പിലാക്കുക.	വിവിധ വിഷയങ്ങൾ	സമഗ്ര വിദ്യാഭ്യാസ രേഖ നിർമ്മാണം അവരും സമൂഹത്തിന്റെ സമ്പത്ത് എന്ന ബോധം അവരുടെ സുഹൃത്തുക്കൾ കണ്ടെത്തൽ, സമൂഹത്തിൽ എത്തിക്കൽ വേണ്ട പരിശീലനങ്ങൾ നൽകൽ	ഒരുവർഷം	-	SRG PTA BRC
വിദ്യാലയ മികവുകൾ നിരന്തരം സമൂഹവുമായി പങ്കിടുന്നതിനുള്ള വേദികൾ സൃഷ്ടിക്കുക.	വിവിധ വിഷയങ്ങൾ	വാട്സപ്പ് കൂട്ടായ്മ, യൂട്യൂബിൽ ചേർക്കുകൾ (വിവിധതരം) പത്രക്കാരെ, മാഗസിനുകൾ, PTA കോർഡിനേഷൻ കൂട്ടായ്മ	തുടർപ്രക്രിയ		SRG PTA BRC
ഓരോ വിദ്യാർത്ഥികൂടേയും കഴിവിലൂന്നിയുള്ള വിവിധ മാറ്റങ്ങളും പരിമിതികളും സൂക്ഷ്മമായി നിരീക്ഷിച്ച് രേഖപ്പെടുത്തുന്നതിനും പോരായ്മകൾ തിരിച്ചറിയുന്നതിനുമുള്ള വിവിധ വിലയിരുത്തൽ സംവിധാനങ്ങൾ ഉറപ്പാക്കുക	വിവിധ വിഷയങ്ങൾ	ക്ലാസ്തല, സ്കൂൾതല അക്കാദമിക വർഷ സംവിധാനങ്ങൾ, പഠന മികവ് രേഖപ്പെടുത്തൽ	തുടർപ്രക്രിയ		SRG PTA BRC

കാവ്യോത്സവം-(3,4) താളവൈവിധ്യമുള്ള പാട്ടുകൾ കവിതകൾ	ഭാഷ	പാഠപുസ്തകത്തിലെ കവിതകളും വായിച്ചാറിയുകളും താളവും ഈണവും ചേർത്ത് സ്വതന്ത്രമായി പാടാനുള്ള കഴിവുനേടുന്നു	ജൂൺ-ജൂലൈ	—	SRG CPTA
സർഗ്ഗാത്മകഡയറി ദിനംതോറും ഉണ്ടാകുന്ന സംഭവങ്ങളെ അതിന്റെ വൈകാരികതയോടെ എഴുതിവയ്ക്കുന്നതും സ്വതന്ത്രരചനാശേഷി വികസിപ്പിക്കുന്നതിലൂടെ ഭാഷാപരമായ പോരായ്മകൾ പരിഹരിക്കുകയും ഭാഷാനൈപുണി വികസിപ്പിക്കുകയും ചെയ്യും	ഭാഷ	എല്ലാദിവസവും ഡയറി എഴുതുന്നു. • പ്രതിനിരീക്ഷണം • ഗ്രൂപ്പ് ചർച്ച • പരസ്പരം വായിച്ചു നോക്കി അഭിപ്രായം അവതരിപ്പിക്കൽ	ജൂൺ-മാർച്ച്		SRG
ശ്രാവ്യവായന വിവിധ മാതൃകകൾ പരിചയപ്പെടുന്നു. കഥാസന്ദർഭം വർണ്ണിച്ചുള്ള സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു. അക്ഷരസ്ഫുടത, അക്ഷവ്യക്തത എന്നിവ ഉറപ്പുവരുത്തുന്നു.	ഭാഷ	• മൗനവായന • സഹവായന • സ്വാവർത്തിതവായന • ആവർത്തന പദങ്ങൾ കണ്ടെത്തി വായന • തൊട്ടുവായന	ജൂൺ to മാർച്ച്		SRG
നീഡേഴ് തിയേറ്റർ രംഗസജ്ജീകരണമോ ചമയങ്ങളോ ഇല്ലാതെ നാടകീയമായി അവതരിപ്പിക്കൽ • ദിനംതോറും നിലവാരമാർന്ന ചർച്ചകളിലൂടെയുള്ള ചർച്ചാനന്തരം	ഭാഷ	കഥ വായിച്ച് സ്ക്രിപ്റ്റ് തയ്യാറാക്കുന്നു • പാഠപുസ്തകത്തിലെ കഥകൾ വായനക്ക് നൽകുന്നു • കഥാപാത്രങ്ങളെ ചർച്ചകൾ സംഭാഷണം	ജൂൺ to മാർച്ച്		SRG, CPTA PTA
• പാട്ടരങ്ങ് • സചിത്രപുസ്തകം • നാട്ടുവിശേഷം, കൂട്ടെഴുത്ത് • മീഡിയ പഠനം • രചനോത്സവം • ദിനാഘോഷം	ഭാഷ	ഭാഷാപഠനത്തിന് പ്രാധാന്യം • സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു പരിസരപഠനവുമായി ബന്ധപ്പെടുന്നു	ജൂൺ to മാർച്ച്		SRG CPTA PTA

പ്രീസ്കൂൾ സങ്കൽപ്പം

ശാസ്ത്രീയ പ്രീ സ്കൂൾ സങ്കല്പം മെച്ചപ്പെടുത്തുന്നതിനും പൊതുവിദ്യാലയങ്ങളുടെ മുഖച്ഛായ തന്നെ മാറ്റുന്ന പ്രവർത്തനങ്ങളാണ് വർണ്ണക്കൂടാരം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രീപ്രൈമറിയെ അനൗപചാരിക നിലവാരത്തിലേക്കുയർത്താനും കുട്ടികളിലെ കഴിവ് കളികളിലൂടെ മെച്ചപ്പെടുത്താനും ശിശുവികാസ മേഖലകളിലെ ശേഷി ഉറപ്പിക്കുന്നതിനും വേണ്ടിയാണ് പ്രീസ്കൂൾ വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്. 13 പ്രവർത്തനയിടങ്ങളിലായി സജ്ജീകരിച്ചിരിക്കുന്ന വർണ്ണക്കൂടാരത്തിൽ കളിയിടങ്ങളെ കേന്ദ്രീകരിച്ചുള്ള പാടുത്സവം, വരയുത്സവം, സംഗീതോത്സവം, ശാസ്ത്രോത്സവം എന്നിവയും നടപ്പിൽ വരുത്തുന്നു. ബാല (Building as a Learning Aid) എന്ന ആശയത്തിലൂടെ ശിശു സൗഹൃദ ക്ലാസ്സ്റൂം എന്ന സങ്കല്പം യാഥാർത്ഥ്യമാക്കുന്നതിനും ശ്രമിക്കുന്നുണ്ട്. അനൗപചാരിക നിലവാരവും പ്രാദേശിക പ്രസക്തിയുമായ പ്രീസ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കാനുള്ള പദ്ധതിയായ വർണ്ണക്കൂടാരം ഈ വർഷം ആദ്യം തന്നെ നിലവിൽ വരും.

- കുട്ടികൾക്ക് സന്തോഷത്തോടെ അവരുടെ അഭിരുചികനുസരിച്ച് കളികളിൽ ഏർപ്പെടാൻ കഴിയുന്നു.
- ഭാഷാശേഷി വളർത്താൻ സഹായിക്കുന്നു
- ലഘു ശാസ്ത്ര പരീക്ഷണങ്ങൾക്കും നിരീക്ഷണത്തിനും അവസരം നൽകുന്നു
- കളികളിലൂടെ ഗണിതത്തിന്റെ അടിസ്ഥാനപാഠങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു
- സർഗ്ഗാത്മകതോൻമുഖമായ വിദ്യാലയത്തിന് 13 ഇടങ്ങളിലൂടെ കുട്ടികൾക്ക് സഞ്ചരിക്കാൻ സഹായിക്കുന്നു.